**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6640** **11-11-2021 - ൽ മറുപടിയ്ക്ക്**

**നിർത്തലാക്കേണ്ട അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളെ സംബന്ധിച്ച വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽ വന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ നിർത്തലാക്കേണ്ട അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളെ സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സർവകലാശാലകളിൽ നിന്നും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കാമോ? | (ബി) | ഇത് സംബന്ധിച്ച് മഹാത്മഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-

**മഹാത്മാഗാന്ധി സർവ്വകലാശാല**

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

B

നമ്പർ. 90756/AD A1-1/2021/എ ഡി എ 1 തീയതി: 22.10.2021

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല - തസ്തിക രൂപീകരണം - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ കത്ത് നം.ബി 2/78/2021/ഉ.വി.വ തീയതി 05.08.2021, 24.08.2021

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഓപ്പൺ, ഡിസ്റ്റൻസ്, പ്രൈവറ്റ് കോഴ്സുകൾ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത കോഴ്സുകളുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അബോളിഷ് ചെയ്യപ്പെടേണ്ട തുല്യ എണ്ണം അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി സർക്കാരിലേക്ക് നൽകണമെന്ന് സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിലെ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, റീഡർ എന്നീ തസ്തികകളുടെ ചുമതല ഇപ്പോൾ മറ്റ് അദ്ധ്യാപകർക്ക് താൽക്കാലികമായി നൽകിയിരിക്കുകയാണ്. സർവ്വകലാശാലയിൽ പുതുതായി അനുവദിക്കപ്പെട്ടിട്ടുള്ള ഷോർട്ട് ടേം കോഴ്സുകൾ, ഓൺലൈൻ കോഴ്സുകൾ എന്നിവയുടെ നടത്തിപ്പിനായി അധ്യാപക/അനധ്യാപക തസ്തികകളിൽ സ്ഥിരം നിയമനങ്ങൾ നടത്തേണ്ടതുണ്ട്. കൂടാതെ, പുതിയ 7 അധ്യാപന വകുപ്പുകൾ സർവ്വകലാശാല രൂപീകരിച്ച് സർക്കാർ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.സർക്കാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, ടി വകുപ്പുകളിലെ അക്കാദമിക്,പരീക്ഷാ ജോലികൾ നിർവ്വഹിക്കുന്നതിനും അധ്യാപക/അനധ്യാപക തസ്തികകളിൽ സ്ഥിരം നിയമനങ്ങൾ നടത്തേണ്ടതുണ്ട്.ഈ സാഹചര്യത്തിൽ,പുതിയ തസ്തികകൾ സൃഷ്ടിക്കാതെ തന്നെ ഓപ്പൺ, ഡിസ്റ്റൻസ്,പ്രൈവറ്റ് കോഴ്സുകളുമായി ബന്ധപ്പെട്ട് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെക്ഷനുകളിലെ ജീവനക്കാരെ മേൽ പരാമർശിച്ച വിഭാഗങ്ങളിലേക്ക് മാറ്റി നിയമിക്കുവാൻ സാധിക്കുന്നതാണ്.

ടി വസ്തുതകൾ പരിഗണിക്കുമ്പോൾ, ഓപ്പൺ, ഡിസ്റ്റൻസ്, പ്രൈവറ്റ് കോഴ്സുകൾ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്ന സാഹചര്യത്തിൽ, പ്രസ്തുത കോഴ്സുകളുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിലുള്ള തസ്തികകൾ അബോളിഷ് ചെയ്യേണ്ട ആവശ്യം ഉണ്ടാകുന്നില്ല എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഡോ. പ്രകാശ് കുമാർ .ബി
രജിസ്ട്രാർ

അന്വേഷണം : 0481 - 2731020, 2733300
രജിസ്ട്രാർ : 0481 - 2731007
mgu@mgu.ac.in
registrar@mgu.ac.in
www.mgu.ac.in

Draft #2 of File 90756/AD A1-1/2021/AD A1 Approved by Registrar on 22-Oct-2021 08:21 PM - Page 1

നമ്പർ. അഡ്മിൻ /എഡ്ഡി ഹ)2/9920/2021

തീയതി: 29.08.2021

പ്രേഷകൻ

രജിസ്ട്രാർ (i/c).

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്
ഗവ: സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- കണ്ണൂർ സർവ്വകലാശാല - ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിലെ തസ്തിക രൂപീകരണം-വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 05.08.2021 ലെ ബി2/78/2021/ഉ.വി.വ. നമ്പർ സർക്കാർ കത്ത്

******

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി കണ്ണൂർ സർവ്വകലാശാലയിൽ നിന്നും അബോളിഷ് ചെയ്യപ്പെടേണ്ട അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചുള്ള മേൽ സൂചന (2) -ലെ കത്തുമായി ബന്ധപ്പെട്ട് താഴെ ചേർത്തവ സർക്കാരിന്റെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

1. കണ്ണൂർ സർവ്വകലാശാലയിൽ അധിക അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് Personal & Administrative Reforms Department മുഖേന നിയമിച്ച സമിതി 12.05.2016 ലെ 14392/AR-1/2015/P&ARD കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിവിധ വിഭാഗങ്ങളിലായി 326 അധിക തസ്തികകൾ ആവശ്യമാണെന്ന് കണ്ടെത്തുകയുണ്ടായി.
2. കേരള ആരോഗ്യ സർവ്വകലാശാലയും കേരള സാങ്കേതിക സർവ്വകലാശാലയും രൂപീകരിച്ചതിന് ശേഷം നടത്തിയ പഠനത്തിലാണ് മേൽ അധിക തസ്തികകൾ കണ്ണൂർ സർവ്വകലാശാലയിൽ സൃഷ്ടിക്കേണ്ടതുണ്ടെന്ന് സർക്കാർ സമിതി കണ്ടെത്തിയിട്ടുള്ളത്.
3. 326 അധിക അനദ്ധ്യാപക തസ്തികകൾ ആവശ്യമാണെന്ന് സർക്കാർ സമിതി കണ്ടെത്തിയതിന് ശേഷം പുതിയ കോളേജുകളും കോഴ്സുകളും സർവ്വകലാശാലയിൽ ആരംഭിച്ചതിനാൽ ജോലിഭാരം വർദ്ധിച്ചിട്ടുണ്ട്.
4. മേൽ സർക്കാർ സമിതിയുടെ പരിഗണനയിൽ ഉൾപ്പെടാതിരുന്ന IT, Engineering, Library, Fair copy വിഭാഗങ്ങളിൽ നാമമാത്രമായ തസ്തികകൾ മാത്രം നിലവിലുള്ളത് കണക്കിലെടുത്ത് ഈ വിഭാഗങ്ങളിൽ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച 73 അധിക തസ്തിക അനുവദിച്ചുകിട്ടുന്നതിനുള്ള അപേക്ഷ 25.11.2017 ലെ എഡി എ3/Gen/2017 നമ്പർ കത്ത് മുഖേന സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.
5. സർക്കാർ സമിതി കണ്ടെത്തിയ 326 തസ്തികകളിൽ നിന്നും വിവിധ വിഭാഗങ്ങളിലായി 100 അനദ്ധ്യാപക തസ്തികകൾ 16.02.2018 ലെ G.O. (Ms) No.50/2018/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി.
6. IT, Engineering, Library, Fair copy വിഭാഗങ്ങളിൽ ആവശ്യപ്പെട്ട 73 തസ്തികകളിൽ നിന്നും വിവിധ വിഭാഗങ്ങളിലായി കരാർ അടിസ്ഥാനത്തിലുള്ള 41 അനദ്ധ്യാപക തസ്തികകൾ 12.12.2019 ലെ G.O. (Ms) No.392/2019/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി.

7. വിവിധ വിഭാഗങ്ങളിലായി കരാർ അടിസ്ഥാനത്തിൽ അനുവദിച്ച 41 അനദ്ധ്യാപക തസ്തികകൾ സ്ഥിരം അടിസ്ഥാനത്തിൽ മാറ്റി അനുവദിക്കുന്നതിനും സർക്കാർ സമിതി കണ്ടെത്തിയതിൽ ശേഷിക്കുന്ന 226 തസ്തികകളിൽ നിന്നും വിവിധ വിഭാഗങ്ങളിലായി 39 അനദ്ധ്യാപക തസ്തികകൾ പുതുതായി അനുവദിക്കുന്നതിനുമുള്ള അപേക്ഷ, 09.10.2020 ലെ ADMIN/AD-E1/2952/2019 കത്ത് മുഖേന സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.
8. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കണ്ണൂർ സർവ്വകലാശാലയിൽ അധിക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ അംഗീകാരിക്കാൻ നിർവ്വാഹമില്ലെന്ന സർക്കാർ അറിയിപ്പ് 10.03.2021 ലെ ബി5/152/2020/ഉ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി.
9. സർക്കാർ സമിതി കണ്ടെത്തിയ 326 തസ്തികകളും സർവ്വകലാശാല ആവശ്യപ്പെട്ട 73 തസ്തികകളും മുഴുവനായും അനുവദിക്കാത്തതിനാൽ കൂലി/ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ച് ഓഫീസ് ജോലികൾ പൂർത്തിയാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്
10. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി, ഓപ്പൺ, ഡിസ്റ്റൻസ് പ്രൈവറ്റ് കോഴ്സുകൾ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്ന അവസ്ഥയിൽ പ്രസ്തുത കോഴ്സുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാലയിൽ അബോളിഷ് ചെയ്യപ്പെടേണ്ട തുല്യ എണ്ണം അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന സർക്കാർ അറിയിപ്പ്, 13.08.2021 ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മറ്റി (ജനറൽ അഫയേഴ്സ്, ഓഫീസ് & സ്റ്റാഫ്) പരിശോധിക്കുകയുണ്ടായി. സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളുമായി ബന്ധപ്പെട്ടുള്ള മേൽ വസ്തുതകൾ വിലയിരുത്തിയ സ്റ്റാൻഡിംഗ് കമ്മറ്റി, നിലവിലുള്ള തസ്തികകൾ നിലനിർത്തുന്നതിൽ ഒരു അനുകൂല തീരുമാനം എടുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയുണ്ടായി.
11. സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽ ശിപാർശ 18.08.2021 ലെ ഐറ്റം നമ്പർ 2021.532 തീരുമാനപ്രകാരം സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്.
12. കണ്ണൂർ സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സ്ഥിരം അദ്ധ്യാപക തസ്തികകൾ നിലവിലില്ലാത്തതിനാൽ ഈ വിഭാഗത്തിൽ അബോളിഷ് ചെയ്യപ്പെടേണ്ട തസ്തികകൾ ഇല്ല.

മേൽ സാഹചര്യത്തിൽ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി, ഓപ്പൺ, ഡിസ്റ്റൻസ് പ്രൈവറ്റ് കോഴ്സുകൾ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്ന അവസ്ഥയിൽ പ്രസ്തുത കോഴ്സുമായി ബന്ധപ്പെട്ട അനദ്ധ്യാപക തസ്തികകൾ അബോളിഷ് ചെയ്യപ്പെടുന്നതിൽ നിന്നും കണ്ണൂർ സർവ്വകലാശാലയെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

KANNUR UNIVERSITY
CIVIL STATION P.O.
KANNUR
Pin-670 002
THAVAKKARA

മുഹമ്മദ് ഇ.വി. പി
രജിസ്ട്രാർ (i/c)

ഉള്ളടക്കം: മേൽ പരാമർശിത രേഖകളുടെ പകർപ്പ്